**ഇന്ത്യാ - ചൈന അതിർത്തികാര്യ കൂടിയാലോചനക്കും സഹകരണത്തിനുമുള്ള പ്രവർത്തന സംവിധാനത്തിന്റെ ആറാമത് യോഗം**

ഏപ്രിൽ 29 , 2014

ഇന്ത്യാ - ചൈന അതിർത്തികാര്യ കൂടിയാലോചനക്കും സഹകരണത്തിനുമുള്ള പ്രവർത്തന സംവിധാനത്തിന്റെ ആറാമത് യോഗം ഏപ്രിൽ 2 8 മുതൽ 30 വരെ (ഏപ്രിൽ 28 - 30 , 2014 ) ബെയ്ജിംഗിൽ നടന്നു. കേന്ദ്ര വിദേശകാര്യം, ആഭ്യന്തര കാര്യം , പ്രതിരോധം എന്നീ മന്ത്രാലയങ്ങൾ , ഇന്ത്യൻ സൈന്യം, ഇന്തോ- ടിബറ്റന് അതിർത്തി പോലീസ് എന്നിവിടങ്ങളിൽ നിന്നുമുള്ള പ്രതിനിധികള് ഉൾപ്പെടുന്ന ഇന്ത്യന് സംഘത്തെ ജോയിന്റ് സെക്രട്ടറി ( കിഴക്കൻ ഏഷ്യ ) ശ്രീ ഗൌതം ബംബാവാലെ നയിച്ചു. ചൈനയുടെ ദേശീയ പ്രതിരോധം ,വിദേശ കാര്യാലയ മന്ത്രാലയങ്ങൾ എന്നിവയിൽ നിന്നുമുള്ള പ്രതിനിധികള് ഉൾപ്പെടുന്ന ചൈനയുടെ സംഘത്തെ നയിച്ചത് വിദേശകാര്യ മന്ത്രാലയം , അതിർത്തി - സമുദ്രകാര്യ വകുപ്പ് ഡയറക്ടർ ജനറല് ശ്രീ ഔയാങ് യൂജിങ് ആയിരുന്നു . ഇന്ത്യൻ പ്രതിനിധികൾ ചൈനയുടെ ഉപ മന്ത്രി ശ്രീ ലിയു ഷെൻ മിനുമായി കൂടിക്കാഴ്ച നടത്തി .

ഇന്ത്യ-ചൈന അതിർത്തി പ്രദേശങ്ങൾക്കരികില് ഉള്ള ഉയർന്ന ഭാഗങ്ങളിൽ കാലാവസ്ഥ മാറുന്ന സമയത്ത് നടന്ന സംഭാഷണം വളരെ ഊഷ്മളവും , നിർമ്മാണാത്മകമായതും ശുഭാപ്തി വിശ്വാസമുള്ളതും ആയിരുന്നു. അടുത്തകാലത്തുള്ള മാറ്റങ്ങൾ പ്രത്യേകിച്ചും അതിർത്തിയിലെ പശ്ചിമ മേഖലയിലെ , അതോടൊപ്പം അതിർത്തി പ്രതിരോധ

സഹകരണ കരാർ ( Border Defence Cooperation Agreement (BDCA) നടപ്പാക്കൽ , കൂടുതൽ വിശ്വാസം സ്ഥാപിക്കുവാനുള്ള സംവിധാനങ്ങൾ , എന്നിവ അവലോകനം ചെയ്തു. കൈലാസ് മാനസരോവർ യാത്രക്ക് മറ്റൊരു വഴി കണ്ടെത്തൽ എന്നിവയും ആരായുകയുണ്ടായി . അതിർത്തിയില് ശാന്തിയും സമാധാനവും നിലനിർത്തുന്നത് കൂടുതല് ഉഭയകക്ഷി ബന്ധങ്ങൾക്കുള്ള പ്രധാന ഉറപ്പാണ് എന്ന് ഇരു വശവും സമ്മതിക്കുകയുണ്ടായി

ഇന്ത്യാ - ചൈന അതിർത്തികാര്യ കൂടിയാലോചനക്കും സഹകരണത്തിനുമുള്ള പ്രവർത്തന സംവിധാനമാരംഭിച്ചത് മുതൽ രണ്ടു വർഷം കൊണ്ട് ആറു യോഗങ്ങൾ നടന്നു. അതിർത്തി കാര്യങ്ങള് നടത്തുന്നതിനുള്ള പ്രാഥമിക സംവിധാനമായി ഇത് മാറിയിട്ടുണ്ട്.
പ്രവർത്തന സംവിധാനത്തിന്റെ ഏഴാമത് യോഗം പരസ്പരം സൌകര്യപ്രദമായ തീയതിയിൽ നടക്കും .

**ന്യൂഡെൽഹി**
**ഏപ്രിൽ 30, 2014**